പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3014

28.01.2014 ലെ മറുപടിയ്ക്ക്

അനധികൃതമായി കയ്യേറിയ ഭൂമി തിരിച്ച് പിടിക്കുന്നതിന് സത്വര നടപടി

ചോദ്യം
ശ്രീ.റ്റി.എ.അഹമ്മദ് കബീർ

മറുപടി
ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) മലപ്പുറം ജില്ലയിലെ മങ്കട, കീഴാറ്റൂർ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്ന കുമാരഗിരി എസ്റ്റേറ്റ് ഉടമകൾ വ്യാപകമായ രീതിയിൽ സർക്കാർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ), ഉണ്ട്. അതിന്മേൽ സബ്കളക്ടർ അന്വേഷണം നടത്തിയതായി മലപ്പുറം ജില്ലാ കളക്ടർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ അനധികൃതമായി കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ; | ബി) & സി) കുമാരഗിരി എസ്റ്റേറ്റ് ഉടമകൾ സർക്കാർ ഭൂമി കൈയ്യേറിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് കുന്നും മലകളുമായി കിടക്കുന്ന ഭൂമി, ടോട്ടൽസ്റ്റേഷൻ പോലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്താൽ മാത്രമേ അറിയുവാൻ കഴിയുകയുള്ളൂ. ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ഭൂമി സർവ്വെ ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |
| സി) ഇല്ലെങ്കിൽ അടിയന്തിരമായി സർവ്വേ നടപടി സ്വീകരിച്ച് ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |

Rajeev
സെക്ഷൻ ഓഫീസർ